**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4733.** **26.10.2016 ന് മറുപടിയ്ക്ക്**

**കള്ള് വ്യവസായ രംഗം നേരിടുന്ന തകർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ആർ. രാമചന്ദ്രൻ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**,, കെ. രാജൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കള്ള് വ്യവസായരംഗം നേരിടുന്ന തകർച്ച വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) | പരമ്പരാഗത വ്യവസായം എന്ന തരത്തിൽ കള്ള്ചെത്ത് വ്യവസായത്തെ കഴിയുന്നത്ര പരിപോഷിപ്പിക്കുക എന്നതാണ് സർക്കാർ നയം. സംസ്ഥാനത്തെ ആകെയുള്ള 5185 കള്ള്ഷാപ്പുകളിൽ 308 കള്ള്ഷാപ്പുകൾ മാത്രമാണ് 2014-17 വർഷത്തേയ്ക്ക് ഇനിയും വിൽപ്പനയിൽ പോകാത്തത്. കള്ള്ഷാപ്പുകൾ നടത്തിക്കൊണ്ടു പോകുന്നതിന് നിശ്ചിത എല്ലുകയ്ക്കുള്ളിൽ സൗകര്യപ്രദമായ കെട്ടിടം ലഭിക്കാത്തതാണ് ടി കള്ള്ഷാപ്പുകൾ വിൽപ്പനയിൽ പോകാത്തതിനുള്ള പ്രധാനപ്പെട്ട കാരണം. നിശ്ചിത കള്ള്ഷാപ്പിന്റെ പരിധിയിൽ ചെത്ത് വൃക്ഷങ്ങൾ കിട്ടാത്തതും പരിചയസമ്പന്നരായ ചെത്തുകാരുടെ കുറവും ടി മേഖലയുടെ വളർച്ചയ്ക്ക് പ്രധാനപ്പെട്ട തടസ്സം തന്നെയാണ്. |
| (ബി) | വ്യാജ കള്ള് വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് വ്യാജകള്ള് വിൽപ്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിരന്തരമായ കള്ള്ഷാപ്പ് പരിശോധനയിലൂടെയും രഹസ്യാന്വേഷണത്തിലൂടെയും കള്ള്ഷാപ്പുകളിലൂടെ വ്യാജകള്ള് വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് ശ്രമിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് ചില കള്ള്ഷാപ്പുകളിൽ നിന്ന് രാസപരിശോധനയ്ക്ക് ശേഖരിച്ച കള്ളിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് നിയമാനുസരണം ഉള്ളതിനെക്കാൾ കൂടുകയോ, സ്റ്റാർച്ച്, സാക്രീൻ പോലുള്ള അന്യപദാർത്ഥങ്ങൾ ചേർക്കുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ കണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ലൈസൻസിയ്ക്കെതിരെ കഠിന മായ ശിക്ഷ ലഭിക്കുന്ന തരത്തിലുള്ള വകുപ്പുകൾ ചേർത്തുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. |
| (സി) | കള്ള് ഷാപ്പുകൾക്ക് ഗ്രേഡിംഗ് നല്കി ആധുനികവല്ക്കരണം നടത്തുന്നതിന് തയ്യാറാകുമോ; | (സി) | നിലവിലുള്ള ഓരോ എക്സൈസ് റെയിഞ്ചിന്റെ പരിധിയിലും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ആധുനിക സൗകര്യങ്ങളേർപ്പെടുത്തിക്കൊണ്ടുള്ള ഒരു കള്ള്ഷാപ്പിനെ മാതൃക കള്ള്ഷാപ്പായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ഡി) | വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ശുദ്ധമായ കള്ള് വില്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ? | (ഡി) | വിനോദസഞ്ചാര മേഖലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കള്ള്ഷാപ്പുകളിൽക്കൂടി ശുദ്ധമായ കള്ള് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**